LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുൻപ് റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയ കരഭൂമികളിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചതിനെത്തുടർന്ന് ചില നിബന്ധനകൾക്ക് വിധേയമായി 300 സ്കയർ മീറ്റർ വരെ വലിപ്പമുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാമെന്ന് നിർദ്ദേശിച്ചുകൊണ്ട് 31-7-2008-ലും 23-9-2008-ലും 22-1-2011-ലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങുന്നതിന് ഈ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ബാധകമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പാലക്കാട് നിയോജനമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

156 (1626) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) ഓരോ പദ്ധതിക്കുംവേണ്ടി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) എത്രപേർക്ക് ഈ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പാലക്കാട് നഗരസഭയുടെ കീഴിലുള്ള റോഡുകൾ

157 (1627) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരസഭയുടെ കീഴിലുള്ള റോഡുകൾ ഏതൊക്കെയാണ് എന്നറിയിക്കുമോ ;

(ബി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(സി) അറ്റകുറ്റപ്പണികളിൽ എത്ര ശതമാനം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നഗരസഭയുടെ കീഴിലുള്ള പ്രധാന റോഡുകൾ താഴെ പറയുന്നവയാണ് :

1. മുനിസിപ്പൽ ബസ്റ്റാന്റ് റോഡ്
2. ജി.ബി. റോഡ്
3. കോർട്ട് റോഡ്
4. ഐ.എം.എ. ജംഗ്ഷൻ മുതൽ സ്റ്റേഡിയം സ്റ്റാന്റ് വരെയുള്ള റോഡ്.
5. മിഷൻ സ്കൂൾ മുതൽ ശകുന്തള ജംഗ്ഷൻ വരെയുള്ള റോഡ് (ടി.ബി റോഡ്)
6. ബിഡ് ബസാർ റോഡ്
7. എൽ.ഐ.സി. തോട്ടുപാലം റോഡ്.
8. ശേഖരിപുരം കൽപ്പാത്തി എൽ.എൻ.പുരം, മാട്ടുമത്ത റോഡ്
9. രാമനാഥപുരം കല്ലേപ്പുള്ളി റോഡ്
10. വെണ്ണക്കര നൂറണി റോഡ്
11. പട്ടിക്കര ബി.ഒ.സി. റോഡ്
12. ചുണ്ണാമ്പുത്തറ വടക്കന്തറ മേലാമുറി റോഡ്
13. റോബിൻസൺ റോഡ്
14. മഞ്ഞക്കുളം മാർക്കറ്റ് റോഡ്

(ബി) ഈ റോഡുകളുടെ ടാറിംഗ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) അറ്റകുറ്റപ്പണികൾ 35% പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അറ്റകുറ്റപ്പണികൾ 2011 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

പരപ്പ ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം നഗരസഭ എന്നിവയ്ക്ക് ആസ്ഥാന മന്ദിരം

158 (1628) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി രൂപീകരിച്ച പരപ്പ ബ്ലോക്ക് പഞ്ചായത്ത്, നീലേശ്വരം നഗരസഭ എന്നിവയ്ക്ക് ആസ്ഥാനമന്ദിരം ഉണ്ടാക്കുന്നതിന് സഹായം നൽകുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly